# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4458 | 17.05.2017-ൽ മറുപടിയ്ക്ക്

**ചോദ്യം**
ശ്രീ. കെ.കൃഷ്ണൻകുട്ടി

**മറുപടി**
ശ്രീ.പി.തിലോത്തമൻ
ഭക്ഷ്യവും, പൊതുവിതരണവും,
വകുപ്പ മന്ത്രി

## പി.എം.യു.വൈ. ഉൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ

(എ) ഈ വർഷം സംസ്ഥാനത്ത് നടപ്പിലാക്കുവാൻ പോകുന്ന ഭക്ഷ്യവകുപ്പമായി ബന്ധപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്തൊക്കെയാണ്; ഇവയ്ക്കായുള്ള കേന്ദ്ര സംസ്ഥാന വിഹിതം എത്രയാണ്; മുൻ വർഷത്തിൽ ഈ പദ്ധതികൾക്കായി എത്ര രൂപ വിനിയോഗിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

(എ) 2017-18 സാമ്പത്തിക വർഷത്തിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പിൽ സംസ്ഥാനത്ത് നടപ്പിലാക്കാൻ പോകുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ (1) അന്നപൂർണ്ണ പദ്ധതി (2) ആദ്യാന്ത കമ്പ്യൂട്ടർവത്കരണ പദ്ധതി (3) ഉപഭോക്തൃ ബോധവത്കരണ പരിപാടി (4) ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന്റെ ജില്ലാ ഫോറങ്ങളുടെയും അടിസ്ഥാന സൗകര്യ വികസന പദ്ധതി എന്നിവയാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | കേന്ദ്രവിഹിതം | സംസ്ഥാന വിഹിതം | ആകെ | മുൻ വർഷം (16-17) ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | അന്നപൂർണ്ണ പദ്ധതി | 203.2 ലക്ഷം | 50.8 ലക്ഷം | 254 ലക്ഷം | ഇല്ല |
| 2 | ആദ്യാന്ത കമ്പ്യൂട്ടർവത്കരണ പദ്ധതി | 1,21,73,645/- | 5,65,95,271/- (മുൻ വർഷം ഉപയോഗിക്കാത്തത് ഉൾപ്പെടെ) | 6,87,68,916/- | 780.63 ലക്ഷം |
| 3 | ഉപഭോക്തൃ ബോധവത്ക്കരണ പരിപാടി | 24,22,000/- | ഇല്ല | 24,22,000/- | 21,97,510 രൂപ |
| 4 | ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന്റെയും ജില്ലാ ഫോറങ്ങളുടെയും അടിസ്ഥാന സൗകര്യ വികസന പദ്ധതി | 262.75 ലക്ഷം | ഇല്ല | 262.75 ലക്ഷം | ഇല്ല |

(ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ " പ്രധാൻ മന്ത്രി ഉജ്ജ്വൽ യോജന" (പി.എം.യു.വൈ) എൽ.പി.ജി കണക്ഷൻ ടു ബി.പി.എൽ ഫാമിലീസ്

(ബി) പ്രധാൻ മന്ത്രി ഉജ്ജ്വൽ യോജന പൂർണ്ണമായും കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സംസ്ഥാനത്ത് 1.4 ലക്ഷം എൽ.പി.ജി കണക്ഷനുകൾ ഈ പദ്ധതി പ്രകാരം അനുവദിക്കാൻ തീരുമാനം ആയിട്ടുണ്ട്. എല്ലാ ജില്ലാ പഞ്ചായത്തുകൾക്കും വിവരം നൽകുകയും ഗുണഭോക്താക്കൾക്ക് ബോധവത്കരണം നൽകുകയും ചെയ്യുന്നുണ്ട്. യോഗ്യരായ അപേക്ഷകർക്ക് ഈ പദ്ധതി പ്രകാരം സൗജന്യ കണക്ഷനുകൾ നൽകി ആവശ്യമായ തുക എണ്ണക്കമ്പനികൾ വഴി കേന്ദ്ര

| | |
|---|---|
| പദ്ധതിയുടെ സംസ്ഥാനത്തെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ, ലഭിച്ച തുക, വിനിയോഗിച്ച തുക എന്നിവ ജില്ലാടിസ്ഥാനത്തിൽ വിശദീകരിക്കുമോ; | സർക്കാർ ഏജൻസികൾക്ക് നൽകുകയുമാണ് ചെയ്യുന്നത്. ആയതിനാൽ ഈ പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാനത്തിന് യാതൊരു തരത്തിലുള്ള ഫണ്ടും ലഭ്യമാകുന്നില്ല |

സെക്ഷൻ ഓഫീസർ